# നികത്തു ഭൂമിയിലേക്ക് നീളുന്ന കോഴക്കൈകൾ..

അഡ്വ. ഷെറി ജെ തോമസ് .. sherryjthomas@gmail.com

കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തെ നോക്കുകുത്തിയാക്കി വൻ ഭൂമി നികത്തു മാഫിയാ സംഘങ്ങൾ രംഗത്ത്. പത്തു സെന്റ് ഭൂമി നികത്തിയെടുത്ത് പുര പണിയാൻ തയ്യാറെടുക്കുന്നവരുടെ തിക്താനുഭവങ്ങളിൽ ഒന്ന് :-

ആകെയുള്ള ഭൂമി രണ്ട് മക്കൾക്കായി അപ്പൻ ഭാഗിച്ചു നൽകി. വലിയ തുക മുദ്രപ്പത്രം വാങ്ങാൻ തന്നെ ചിലവായെങ്കിലും ആധാരം നടത്തി. പണ്ടിനാലെ കൈമറിഞ്ഞു കിട്ടിയ ഭൂമിയുടെ ആധാരത്തിൽ നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പതിറ്റാണ്ടുകളായി കൃഷിയിറക്കാതെ കിടന്നിരുന്ന ഭൂമിയിൽ (അതിനു തക്ക സാഹചര്യവുമില്ല) ഭാഗാധാരത്തിനു ശേഷം വീടുപണിക്കുമുമ്പ് അൽപ്പമൊന്ന് ഉയർത്താമെന്ന് കരുതി മണ്ണടിക്കാൻ ആരംഭിച്ചു. പത്രത്തിൽ വായിച്ച അറിവുകൊണ്ട് പുതിയ എന്തോ നിയമം ഉണ്ടായെന്നും ഇനി മുതൽ ഭൂമി നികത്താൻ പ്രത്യേക അനുമതി വേണമെന്നും മനസ്സിലാക്കി അനുമതിക്കായി കൃഷി ആഫീസറെ സമീപിച്ചു. എന്നാൽ നിയമം വന്നു പക്ഷെ, അതുപ്രകാരമുള്ള പ്രാദേശിക സമിതി ഇവിടെ രൂപീകരിച്ചിട്ടില്ലെന്നും അതു കൊണ്ട് പുതിയ നിയമപ്രകാരമുള്ള അനുമതി നൽകാനാകില്ലെന്നും കൃഷിയാഫീസർ പറഞ്ഞു. സമാധാനമെന്നാശ്വസിച്ച് നികത്തൽ തുടങ്ങി. ഒന്നാം ദിവസം തന്നെ വൈകുന്നേരമായപ്പോൾ പ്രമുഖ പ്രാദേശിക പാർട്ടിക്കാരെല്ലാം സ്ഥലത്തെത്തി. സെന്റിന് 2000 രൂപയാണ് ഒരു കൂട്ടർ ചോദിച്ചതെങ്കിൽ മറ്റ് കൂട്ടർ ഒരു മൊത്തം തുകയാണ് ആവശ്യപ്പെട്ടത്. നികത്താൻ മണ്ണിറക്കിത്തരാമെന്നോ മണ്ണ് നികത്താൻ പണിക്കാരെ വിട്ടുതരാമെന്നോ അല്ല അവർ ഉറപ്പു നൽകിയത്, എന്നാൽ നികത്തൽ തീരുന്നതുവരെ ആരും പരാതി നൽകാതെ നോക്കിക്കോളാമെന്നായിരുന്നു. ഭാരിച്ച തുക നികത്താനും നികത്തൽ നിർത്തിക്കാതിരിക്കാനും ചെലവാക്കണമെന്നു വന്നപ്പോൾ തൽക്കാലം വീടുപണിയും നികത്തലുമെല്ലാം നിർത്തിവയ്ക്കാൻ തീരുമാനിച്ചു. വീടെന്ന സ്വപ്നം വെറും സ്വപ്നം മാത്രമായി നിലനിർത്തി.

## നെൽവയൽ നികത്തുന്നതിന് നിയന്ത്രണം

കേരളത്തിലെ കർഷകരും നെൽവയലുകളും കടുത്ത ഭീഷണി നേരിടുന്ന സാഹചര്യത്തിലാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ നിയമം വന്നത്. കേരളത്തിന് ആവശ്യമായ അരിയുടെ എൻപതു ശതമാനം അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു.നെൽകൃഷി സാമ്പത്തികമായി ഗുണപ്രദമല്ലെന്ന് ഭൂരിപക്ഷം കർഷകരും കരുതുതന്നു; അത് യാഥാർത്ഥ്യമാണുതാനും. കർഷകരുടെ കടബാധ്യതയും ആത്മഹത്യാ കഥകളും ഒരു വശത്തു നടക്കുമ്പോൾ അത്തരം കാര്യങ്ങൾ ഈ നിയമത്തിലൂടെ പരിഹരിക്കുമോ എന്നത് മറ്റൊരു ചോദ്യം. ഇവിടെ വിഷയം അതല്ല, നെൽവയൽ നികത്തൽ നീർത്തട മേഖലയുടെ പാരിസ്ഥിതിക അപചയത്തിനു കാരണമാകും. മണ്ണിന്റെ ജൈവസമ്പുഷ്ടതയെ ദോഷകരമായി ബാധിക്കും കൂടാതെ മണ്ണൊലിപ്പ് തടയാനും പരിസ്ഥിതി ഘടന നിലനിർത്താനും ലക്ഷ്യം വച്ചാണ് നിയമമുണ്ടാക്കിയത് തന്നെ. കേരളത്തിലെ അവശേഷിക്കുന്ന നെൽപ്പാടങ്ങളെങ്കിലും സംരക്ഷിക്കാൻ ഈ നിയമം പ്രയോജനപ്പെടമെന്നാണ് ഇതുണ്ടാക്കിയ കേരള നിയമസഭ ആഗ്രഹിച്ചത്. കേരളത്തിൽ ആകെയുള്ള നീർത്തടങ്ങളുടെ വിസതൃതി 1,27,930 ഹെക്ടറാണ്. ഇതിൽ 34,200 ഹെക്ടർ ഉൾനാടൻ നീർത്തടവും 93,730 ഹെക്ടർ സമുദ്രതീര നീർത്തടവുമാണ്. നെൽവയലുകളും നീർത്തടങ്ങളും അനിയന്ത്രിതമയി നികത്തുന്നതും ചെളി കുഴിച്ചെടുക്കുന്നതും ഈ നിയമം ശരിയായി നടപ്പിലാക്കിയാൽ തടയാൻ സാധിക്കും.

## പഞ്ചായത്തിൽ പത്തു സെന്റും മുനിസിപ്പാലിറ്റിയിൽ അഞ്ച് സെന്റും

നെൽവയൽ നികത്തുന്നതു പാടെ നിരോധിക്കണമെന്ന് നിയമം പറയുന്നില്ല. പഞ്ചായത്തുകളിൽ പത്തു സെന്റും മുനിസിപ്പാലിറ്റികളിൽ അഞ്ചു സെന്റും നികത്താൻ പഞ്ചായത്തു തലത്തിൽ രൂപീകരിക്കുന്ന സമിതിക്ക് ശുപാർശ നൽകാം. നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീടുവയ്ക്കുന്നതിനു വേണ്ടി നെൽവയൽ രൂപാനന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും വേണ്ടി കളക്ടർ ഓരോ ജില്ലയിലും ജില്ലാ തല സമിതിയും രൂപീകരിക്കേണ്ടതാണ്. ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു നിരീക്ഷിക്കാനും പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സമിതികൾ ഉണ്ടാക്കണം.

## പ്രാദേശിക സമിതി

കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പറയുന്ന പ്രാദേശിക സമിതിയിൽ പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ പ്രസിഡന്റ്/ചെയർമാൻ/മേയർ അധ്യക്ഷനായിരിക്കും. പ്രദേശത്തെ കൃഷിയാഫീസറും വില്ലേജാഫീസറും നെൽക്കൃഷിക്കാരുടെ മൂന്ന് പ്രിതിനിധികളും അംഗങ്ങളായിരിക്കും. കൃഷിയാഫീസറായിരിക്കും ഈ സമിതിയുടെ കൺവീനർ.

പ്രാദേശിക സമിതിക്ക് കൃത്യമായ അധികാരങ്ങളും നൽകിയിട്ടുണ്ട്. പൊതു ആവശ്യത്തിനോ നെൽവയലിന്റെ ഉടമസ്ഥർക്ക് വീടുവയ്ക്കുന്നതിനോ വേണ്ടി നികത്തുന്നതിന് സംസ്ഥാന/ ജില്ലാ തല സമിതിക്ക് ശുപാർശ ചെയ്യേണ്ടത് പ്രാദേശിക സമിതിയാണ്. നെൽവയലുകൾ സന്ദർശിച്ച് ഈ നിയമത്തിന്റെ ലംഘനം നടക്കുന്നുവെങ്കിൽ ആർ ഡി ഒ ക്ക് റിപ്പോർട്ട് നൽകാനും പൊതുജനങ്ങളിൽ നിന്നു ലഭിക്കുന്ന പരാതികളിൽ ഇടപെടാനും സമിതിക്ക് അധികാരമുണ്ട്. നെൽവയൽ തരിശിട്ടിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തുകയും ഭൂമിയുടെ കൈവശക്കാരന് ഇടക്കാല വിളയോ കൃഷിയോ ചെയ്യുന്നതിന് പ്രേരണ നൽകുക എന്നിവയും ഈ സമിതിയുടെ ചുമതലകളാണ്. മൂന്ന് വർഷത്തേക്കാണ് പ്രാദേശിക സമിതിയുടെ കാലാവധി.

പ്രദേശത്തെ നെൽവയൽ-തണ്ണീർത്തടങ്ങളുടെ വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂപടങ്ങളുടെ സഹായത്താൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുകയും സർവെ നമ്പർ സഹിതം പഞ്ചായത്ത് മുഖേന പരസ്യപ്പെടുത്തുകയും ചെയ്യണം. തരിശുഭൂമിയിൽ കൃഷി ചെയ്യിക്കാനുള്ള സംവിധാനമേർപ്പെടുത്താനും പ്രാദേശിക സമിതിക്ക് ചുമതലയുണ്ട്. പൊതു ആവശ്യങ്ങൾക്കായി നെൽവയൽ-തണ്ണീർത്തടങ്ങൾ നികത്തുന്നതിന് പ്രാദേശിക സമിതി നൽകുന്ന ശുപാർശകൾ സംസ്ഥാന സമിതി പരിശോധിച്ച് പരിസ്ഥിതി വ്യതിയാനങ്ങളെക്കുറിച്ച് വിശദ പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകണം.

## തരിശു നെൽവയൽ കൃഷി ചെയ്യാൻ നിർദ്ദേശം നൽകാം

നെൽവയലിന്റെ ഉടമസ്ഥനോട് അയാൾ നേരിട്ടോ മറ്റാരെങ്കിലും മുഖേനെയോ നെല്ലോ ഇടക്കാല വിളകളോ കൃഷി ചെയ്യാൻ നിർദ്ദേശിക്കാം. എന്നാൽ പ്രായോഗിക ബുദ്ധമുട്ടുകൾ മൂലമാണ് കൃഷിയിറക്കാനാകാത്തതെന്ന് ഉടമയുടെ മറുപടിയിൽ നിന്നും ബോധ്യമാകുന്നപക്ഷം, സമിതിക്ക് നെൽവയൽ പഞ്ചായത്ത് മുഖേന കൃഷി ചെയ്യിക്കാനള്ള അനുമതി തേടാവുന്നതാണ്. അങ്ങനെ പഞ്ചായത്തും നെൽവയൽ ഉടമകളുമായി ഒരു കരാർ ഉണ്ടാക്കി നിശ്ചിത കാലത്തേക്ക് കൃഷി ചെയ്യാൻ പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതാണ്. പഞ്ചായത്ത് അത് പരാമവധി രണ്ട് വർഷക്കാലത്തേക്ക് ലേലം ചെയ്തോ മറ്റ് വിധത്തിലോ ഏൽപ്പിച്ചു കൊടുക്കും. കൃഷി ചെയ്യാനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കുമ്പോൾ പാടശേഖര സമിതികൾ, കർഷക സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ മുതലായവയ്ക്ക് മുൻഗണന നൽകണം.

## ഭൂമിയിൽ പ്രവേശിക്കാനും പിടിച്ചെടുക്കാനും അധികാരം

ആർ ഡി ഓ ക്കോ സബ് ഇൻസ്പെക്ടറിനു താഴെയല്ലാത്ത ഉദ്യോഗസ്ഥനോ നെൽവയൽ തണ്ണീർത്തട നിയമലംഘനം നടക്കുന്ന ഭൂമിയിൽ പ്രവേശിച്ച് പരിശോധന നടത്താവുന്നതും നിയമലംഘനത്തിനുപയോഗിക്കുന്ന വാഹനമോ യന്ത്രമോ പിടിച്ചെടുക്കാവുന്നതുമാണ്. അത് കളക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും വേണം. ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നികത്തിയതോ രൂപാന്തരപ്പെടുത്തിയതോ ആയ ഏതെങ്കിലും നെൽവയൽ പഴയ സ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിനായി കളക്ടർക്ക് ഉചിതമെന്ന് തോന്നുന്ന നടപടി എടുത്ത് അതിന് ചെലവഴിക്കേണ്ടി വന്ന തുക നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ ഉടമസ്ഥനിൽ നിന്നോ ഈടാക്കാം.